## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6024 04.07.2019-ൽ മറുപടിക്ക്

### <u>ഹയർസെക്കന്ററി സ്കൂളുകളിലെ റാഗിങ്ങ്</u>

| | <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|---|
| | **ശ്രീ.കെ.ജെ.മാക്സി** | | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിലെ കുട്ടികളിൽ റാഗിങ്ങ് എന്ന കടുത്ത സാമൂഹ്യ വിരുദ്ധപ്രവർത്തനം കടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ചില ഹയർ സെക്കന്ററി സ്കൂളുകളിൽ റാഗിംഗിനു സമാനമായ ചില അതിക്രമങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലും റാഗിങ്ങ് വിരുദ്ധ സമിതികൾ രൂപീകരിക്കണമെന്ന ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ; | (ബി)<br>ഉം | റാഗിംഗ് വിരുദ്ധ സമിതികൾ രൂപീകരിക്കാനാവശ്യമായ നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരുന്നു. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് ഇതുവരെ നടപ്പാക്കാത്ത എത്ര സ്കൂളുകൾ സംസ്ഥാനത്തുണ്ട്; ഇതിൻമേൽ എന്തു നടപടി നാളിതുവരെ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കാമോ; | (സി)<br>ഉം | |
| (ഡി) | റാഗിങ്ങ് വിരുദ്ധ നിയമത്തിലെ വകുപ്പുകളെപ്പറ്റിയും അതിന്റെ പ്രത്യാഘാതങ്ങളെപ്പറ്റിയും പ്രസ്തുത സ്കൂളുകളിലെ കുട്ടികളിൽ നിരന്തരം ബോധവത്കരണം നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ഹയർ സെക്കന്ററി കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് വിഭാഗത്തിൽ നിന്നും വിദ്യാർത്ഥികൾക്ക് ടി വിഷയവുമായി ബന്ധപ്പെട്ട് ബോധവത്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**